ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 253-ാം ദിവസം

സ ചുക്രോശാഹിനാ ഗ്രസ്ത: കൃഷ്ണ കൃഷ്ണ മഹാനയം
സർപ്പോ മാം ഗ്രസതേ താത പ്രപന്നം പരിമോചയ **(10-34-6)**
സ വൈ ഭഗവത: ശ്രീമത് പാദസ്പർശഹതാശുഭ:
ഭേജേ സർപ്പവപുർഹിത്വാ രൂപം വിദ്യാധരാർച്ചിതം **(10-34-9)**

*ശുകമുനി തുടർന്നു:*
ഒരിക്കൽ വൃജവാസികൾ അംബികാവനത്തിലേക്ക് പോയി. അവിടെ അവർ സരസ്വതീനദിയിൽ കുളിച്ച് ശിവനെയും പാർവ്വതിയെയും പൂജിച്ചു. പരിപൂർണ്ണവ്രതമെടുത്ത അവർ ആ രാത്രി നദിക്കരയിൽ വിശ്രമിച്ചു. അപ്പോൾ ഒരു പെരുമ്പാമ്പ് വിശന്നാർത്തനായി അവിടെയെത്തി. അവൻ നന്ദനെ വിഴുങ്ങാൻ തുടങ്ങി. അദ്ദേഹം കൃഷ്ണനെ വിളിച്ച് ഉറക്കെ കരഞ്ഞു. 'കൃഷ്ണാ കൃഷ്ണാ വലിയൊരു പെരുമ്പാമ്പ് എന്നെ വിഴുങ്ങുന്നു. എനിക്ക് നീയല്ലാതെ അഭയമാരുള്ളു? എന്നെ രക്ഷിക്കൂ.' ഗോപാലൻമാർ തീപ്പന്തവുമായി അദ്ദേഹത്തിൻെറ രക്ഷക്കെത്തിയെങ്കിലും എന്തു ചെയ്തിട്ടും പാമ്പ് പിടിവിടുന്നില്ല. അപ്പോൾ കൃഷ്ണൻ അവിടെയെത്തി പാമ്പിനെ തൻെറ കാലുകൊണ്ടൊന്നു തൊട്ടു. പെട്ടെന്ന് പെരുമ്പാമ്പിൻെറ ഉടൽ രൂപം മാറി സ്വർഗ്ഗവാസിയായ ഒരു വിദ്യാധരനായി തീർന്നു. അവൻ കൃഷ്ണനെ നമസ്കരിച്ചു. കൃഷ്ണൻ അവനാരാണെന്ന് ചോദിച്ചു.

വിദ്യാധരൻ അവൻെറ കഥ പറഞ്ഞു. 'സ്വർഗ്ഗവാസിയായ എൻെറ പേര് സുദർശനൻ. സുന്ദരനായ ഞാൻ ആകാശവാഹനങ്ങളിൽ കയറി അലയുക പതിവായിരുന്നു. ഒരിക്കൽ ഞാൻ വിരൂപരായ കുറെ മാമുനിമാരെക്കണ്ട് അവരെ കളിയാക്കി ചിരിച്ചു. അവരുടെ ശാപത്താലാണ് ഞാൻ പെരുമ്പാമ്പായി ജനിക്കാനിടവന്നത്. എന്നാൽ ആ ശാപവും എത്ര അനുഗ്രഹപ്രദമായി എന്ന് ഞാൻ അറിയുന്നു. അവിടുത്തെ പാദാരവിന്ദസ്പർശമേൽക്കാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചുവല്ലോ. ആ നാമോച്ചാരണം ഒന്നുകൊണ്ടു തന്നെ സർവ്വപാപങ്ങളും ഇല്ലാതാകുന്നു. അതുകൊണ്ട് അവിടുത്തെ പാദസ്പർശമേറ്റ എൻെറ പാപവും നശിച്ചു എന്നു പറയേണ്ടതില്ല. എന്നെ പോകാൻ അനുവദിച്ചാലും. മരണവക്രത്തിൽ നിന്നും രക്ഷപ്പെട്ട നന്ദനും മറ്റു വൃന്ദാവനവാസികളും കൃഷ്ണമഹിമയിൽ ആശ്ചര്യം പൂണ്ടു.

ഒരു ദിവസം രാമകൃഷ്ണൻമാർ ഗോപികമാരുമൊത്ത് ആടിയും പാടിയും വനത്തിൽ കഴിയുകയായിരുന്നു. ജ്യേഷ്ഠാനിയൻമാരുടെ മധുരഗിതങ്ങൾ കേട്ട് സന്തോഷിച്ച് മനം മയങ്ങിയ ഗോപികമാർ സ്വയം മറന്നു നൃത്തമാടി. അപ്പോൾ അവിടെ ധനാധീശനായ കുബേരൻെറ ഭൃത്യൻ ശംഖചൂഡൻ എത്തിച്ചേർന്നു. അവൻ ഗോപികമാരെ ഒരാകാശവാഹനത്തിലേക്ക് ബലമായി പിടിച്ചു കയറ്റി അവരേയും കൊണ്ട് വേഗത്തിൽ ഓടിച്ചു കടന്നുകളഞ്ഞു. സ്ത്രീകൾ കൃഷ്ണനെ വിളിച്ചു കരഞ്ഞു. ജ്യേഷ്ഠാനുജൻമാർ ശംഖചൂഡനു പിറകേ ചെന്ന് അവനെ കീഴടക്കി. തെറ്റു മനസിലാക്കി അവൻ സ്ത്രീകളെ ഉപേക്ഷിച്ച് ഓടിരക്ഷപ്പെടാൻ നോക്കി. എന്നാൽ കൃഷ്ണൻ അവനെ പിന്തുടർന്നു. ബലരാമൻ ഗോപികമാർക്ക് കാവൽ നിന്നു. കൃഷ്ണൻ ശംഖചൂഡനെ പിടികൂടി തലവെട്ടി അവൻെറ തലയിലെ മണിരത്നമെടുത്തു കൊണ്ടുവന്ന് ജ്യേഷ്ഠനു സമ്മാനിച്ചു.